I ഇ.ബി. XI-കേരള നിയമസഭ/V18

# പതിനൊന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ

## സംഗ്രഹം

2003 മാർച്ച് 14, വെള്ളി

നിയമസഭ രാവിലെ 9 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. വക്കം പുരുഷോത്തമന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### ധനകാര്യം

2002-2003-ലെ ബഡ്ജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കലും 2003-2004 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിന്റേയും വോട്ട് ഓൺ അക്കൗണ്ടിന്റെയും അവതരണവും.

**ധനകാര്യവും എക്സൈസും വകുപ്പു മന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ)**: 2002-2003-ലെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളുടെ ഫൈനൽ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തു വയ്ക്കുകയും 2003-2004 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റും 2003 ഏപ്രിൽ 1 മുതൽ ജൂലായ് 31 വരെയുള്ള നാലുമാസത്തെ ചെലവിനുള്ള വോട്ട് ഓൺ അക്കൗണ്ടും അവതരിപ്പിക്കുകയും ചെയ്യുന്നു.

(ധനകാര്യമന്ത്രി ബഡ്ജറ്റ് പ്രസംഗം ആരംഭിച്ചപ്പോൾ തന്നെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും എഴുന്നേറ്റ് നിന്ന് പ്രസംഗിച്ചുകൊണ്ടിരുന്നു. ഈ സമയം

പിൻനിരയിലെ പ്രതിപക്ഷാംഗങ്ങൾ മുദ്രാവാക്യങ്ങൾ എഴുതിയ ബാനറും പ്ളക്കാർഡുകളും ഉ.യർത്തിക്കാട്ടി സ്വസ്ഥാനങ്ങളിൽ ഉപവിഷ്ടരായിരുന്നു. പ്രതിപക്ഷ നേതാവ് പ്രസംഗം നിർത്തിയ ഉടൻതന്നെ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സ്വസ്ഥാനങ്ങളിൽ നിന്നും എഴുന്നേറ്റ് മുദ്രാവാക്യം മുഴക്കിക്കൊണ്ട് സഭയുടെ നടുത്തളത്തിലേയ്ക്ക് ഇറങ്ങിവന്ന് ബഹളം വച്ചുകൊണ്ടിരുന്നു.)

(രാവിലെ 9.00 മണിക്ക് ആരംഭിച്ച ബഡ്ജറ്റ് പ്രസംഗം 9.10-ന് പൂർത്തിയാക്കി)

**മി. സ്പീക്കർ** : ബഡ്ജറ്റ് പ്രസംഗത്തിന്റെ കോപ്പികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്കും പത്രപ്രതിനിധികൾക്കും ഇപ്പോൾ വിതരണം ചെയ്യുന്നതാണ്. നിയമസഭാംഗങ്ങൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് എം.എൽ.എ. ഹോസ്റ്റലിൽ അവരവരുടെ മുറികളിൽ എത്തിക്കുന്നതാണ്. പത്രപ്രതിനിധികൾക്കുള്ള ബഡ്ജറ്റ് ഡോക്കുമെന്റ്സ് ടേബിൾ വിഭാഗം അണ്ടർ സെക്രട്ടറിയുടെ മുറിയിൽ നിന്നും ലഭിക്കുന്നതാണ്.

സഭ രാവിലെ 9.12-ന് പിരിഞ്ഞു.